## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4860 — 4.7.2012 ൽ മറുപടിയ്ക്ക്

### ചികിത്സാ സഹായം - റവന്യൂ അധികാരികളുടെ നിലപാട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) | |
| (എ) | ഒരു വീട്ടിലെ ഒരാൾ സ്വന്തം ചികിത്സയ്ക്കു വേണ്ടിയും രോഗിയും യാത്ര ചെയ്യാൻ സാധിക്കാത്തതുമായ മറ്റൊരു കുടുംബാംഗത്തിന് ചികിൽസാ സഹായം ലഭിക്കുവാൻ വേണ്ടിയും ഒന്നിലധികം അപേക്ഷ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനായി നൽകുകയും പ്രസ്തുത അപേക്ഷകൾ എല്ലാം അനുവദിക്കുകയും ചെയ്ത സാഹചര്യത്തിൽ ഒരേ കക്ഷിയുടെ പേരിൽ തുക ഒന്നിലധികം തവണ അനുവദിച്ചിരിക്കുന്നു എന്ന കാരണത്താൽ ഒരു ഫണ്ടു മാത്രം റവന്യൂ അധികാരികൾ നൽകി രണ്ടാമത്തെ വ്യക്തിയുടെ ആവശ്യത്തിന് അനുവദിച്ച തുക നൽകാനാവില്ല എന്നു പറഞ്ഞ് നിരസിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; രണ്ടാമത്തെ വ്യക്തിക്കും ധനസഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | ഇത്തരത്തിലൊരു സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ എന്തെങ്കിലും പരാതി ലഭിച്ചാൽ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | ഭാവിയിൽ ഇത്തരം നടപടികൾ ഉണ്ടാകാതിരിക്കുവാൻ നിർദ്ദേശം നൽകുമോ ; രോഗം മാറാൻ ദീർഘകാലം ചികിത്സ വേണമെന്ന കാരണത്താൽ വീണ്ടും വീണ്ടും ധനസഹായത്തിന് അപേക്ഷ നൽകുകയും അവ അനുവദിക്കുകയും ചെയ്താലും റവന്യൂ ഉദ്യോഗസ്ഥർ ഈ തുക നൽകാത്തത് എന്തു കൊണ്ടാണെന്ന് അറിയിക്കുമോ ; | (ബി)<br>&<br>(സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരാൾക്ക് ഒരു തവണ മാത്രമേ ഒരാവശ്യത്തിന് ധനസഹായം നൽകാൻ വ്യവസ്ഥയുള്ളൂ. ഒരാൾ തന്നെ സ്വന്തം ചികിത്സയ്ക്കായും മറ്റൊരംഗത്തിന്റെ ചികിത്സയ്ക്കായും അപേക്ഷ നൽകിയാൽ എല്ലാ അപേക്ഷകളും പരിഗണിക്കുകയും ധനസഹായം അനുവദിച്ചു നൽകുകയും ചെയ്യാറുണ്ട്. കാൻസർ, കിഡ്നി തുടങ്ങി ഗുരുതരമായ രോഗ ബാധിതർക്ക് ഒരു പ്രാവശ്യം തുക അനുവദിച്ചാലും 2 വർഷം കഴിഞ്ഞ് വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. ഇങ്ങനെയുള്ള കേസുകളിൽ രണ്ടാമതും തുക സമയപരിധി നോക്കാതെ അനുവദിച്ചു നൽകാറുണ്ട്. |
| (സി) | പ്രസ്തുത വിഷയം പരിശോധിച്ച് രോഗികൾക്ക് അനുവദിച്ച തുക എത്ര തവണയായാലും അത് നൽകാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ.